**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1889** **02-02-2024 - ൽ മറുപടിയ്ക്ക്**

**വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗതാഗത വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന മോട്ടോർ വാഹന വകുപ്പിന് ഇൻസ്പെക്ഷൻ & സെർട്ടിഫിക്കേഷൻ സെന്റർ പദ്ധതിയ്ക്കായി 83,30,692/ രൂപ അനുവദിച്ചിരുന്നു.<br><br>സ്മാർട്ട് സിറ്റി തിരുവനന്തപുരം പദ്ധതിയിൽ ഉൾപ്പെടുത്തി KSRTC-SWIFT ന് 103.74 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. ആകെ 113 ബസ്സുകൾക്കായി അനുവദിച്ച തുകയിൽ നാളിതു വരെ 80 ബസ്സുകൾ ലഭ്യമായിട്ടുണ്ട്. ഇതിനായി ഇതു വരെ 37.33 കോടി രൂപ വാഹന നിർമ്മാതാക്കൾക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. ബാക്കി ബസ്സുകൾ ലഭ്യമാക്കി തുക നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ച വരുന്നു.<br><br>കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഘട്ടം IA പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള പദ്ധതിക്കായി ഗ്രാന്റിനത്തിൽ കേന്ദ്ര സർക്കാർ 46.74 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഈ തുക മുഴുവനായും ചെലവഴിച്ചിട്ടുണ്ട്.<br><br>ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള ഘട്ടം 2 പദ്ധതിയുമായി ബന്ധപ്പെട്ട് 1957.05 കോടി രൂപ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഹരിയിനത്തിൽ കേന്ദ്ര സർക്കാർ 100 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതിക്കുവേണ്ടി 2023 ഡിസംബർ മാസം അവസാനം വരെ 13.16 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ബാക്കിയുള്ള തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ടെണ്ടറുകൾ അവാർഡ് ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ